**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1763** **13-02-2025 - ൽ മറുപടിയ്ക്ക്**

**പനയംപാടം വളവിലെ അപകടങ്ങൾ നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട്-കോഴിക്കോട് ദേശീയ പാതയിൽ പനയംപാടം വളവിൽ അപകടങ്ങൾ പെരുകി വരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; | (എ) | പാലക്കാട് പനയമ്പാടത്ത് അപകടമുണ്ടായി സ്കൂൾ കുട്ടികൾ മരിക്കാനിടയായ അപകടത്തെ തുടർന്ന്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത്, ട്രാൻസ്പോർട്ട് കമ്മീഷണർ, ചീഫ് എഞ്ചിനീയർ കെ.എസ്.ടി.പി., നാഷണൽ ഹൈവേ, എൻ.എച്ച്.എ.ഐ, റീജിയണൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരുകയും വാഹനങ്ങൾക്ക് സുരക്ഷിതമായ സഞ്ചാരം ഉറപ്പാക്കാൻ വേണ്ടി റോഡിൽ ഡിവൈഡർ സ്ഥാപിക്കാനും ഇറക്കം തുടങ്ങുന്ന ഭാഗത്ത് സ്പീഡ് ബ്രേക്കർസ്ഥാപിക്കാനും അപകടം നടന്ന സ്ഥലത്ത് റോഡ് ഷോൾഡർ സ്ഥാപിക്കാനും ഈ ഭാഗത്ത് പാർക്കിംഗുകൾ ഒഴിവാക്കാനും റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡുമാർക്കിംഗുകൾ ശരിയായ വിധത്തിൽ വരയ്ക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നടപടികൾ പുരോഗമിച്ച് വരുകയും ചെയ്യുന്നു. |
| (ബി) | എങ്കിൽ റോഡിന്റെ അശാസ്ത്രീയമായ നിർമ്മിതിയാണ് ഇതിനുള്ള കാരണമെന്ന് മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ; | (ബി) | 12/12/2024 തീയ്യതിയിൽ നടന്ന വാഹനാപകടത്തെ തുടർന്ന് 14/12/2024 തീയ്യതിയിൽ പോലീസ് മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും, അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിക്കേണ്ട ഹ്രസ്വകാല ദീർഘകാല അടിസ്ഥാനത്തിലുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇത് പ്രകാരം ഹ്രസ്വകാലാടിസ്ഥാനത്തിൽ നിർദ്ദേശിക്കപെട്ട റോഡ് പ്രതലം മില്ലിംഗ്, കൂടുതൽ റംബിൾ സ്ട്രിപ്പുകൾ, താൽക്കാലിക ഡിവൈഡർ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. സ്ഥലത്ത് അപകടം കുറയ്ക്കുന്നതിനുള്ള നടപടികളുമായി ബന്ധപെട്ട് 17/12/2024-ന് ബന്ധപെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ യോഗം ചേരുകയും, |

| | | | |
|---|---|---|---|
| | | | പനയംപടം ഭാഗത്ത് കോൺക്രീറ്റ് ഡിവൈഡർ, വീതി കൂട്ടി ഫുട്പാത്ത്, ഷോൾഡർ എന്നിവ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. അത് പ്രകാരം 1.35 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി NHAI-ക്ക് സമർപ്പിക്കുകയുണ്ടായി, പ്രസ്തുത എസ്റ്റിമേറ്റിന് NHAI അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രദേശത്തെ അപകടരഹിതമാക്കുവാൻ ശാശ്വത നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (സി) | NHAI അനുമതി നൽകിയ പ്രവർത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വാഹനങ്ങളുടെ അമിതവേഗതയും നിയമലംഘനങ്ങളും ഈ ഭാഗത്തെ അപകടങ്ങൾക്ക് കാരണമാകുന്നതിനാൽ എ.ഐ ക്യാമറ സ്ഥാപിക്കൽ, മറ്റു നടപടികൾ എൻഫോഴ്സ്മെന്റ് എന്നിവ കൂടി കർശനമാക്കേണ്ടതുണ്ട്. നിലവിൽ NH 966 ദേശീയപാത അതോറിറ്റി ഏറ്റെടുത്തിട്ടുള്ളതും പുതിയ ഒരു അലൈൻമെന്റ് പ്രകാരം ദേശീയപാത നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരുകയുമാണ്. |

സെക്ഷൻ ഓഫീസർ